# കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി
## ലോക തണ്ണീർത്തട ദിനാചരണം 2023
## തണ്ണീർത്തട ഫോട്ടോഗ്രാഫി മത്സരം

### മത്സര വിവരങ്ങളും നിബന്ധനകളും

തണ്ണീർത്തട ഫോട്ടോഗ്രാഫി 2023 ലെ മത്സരാർത്ഥികൾ ചുവടെ കൊടുത്തിരിക്കുന്ന നിബന്ധനകൾ അനുസരിക്കാൻ ബാധ്യസ്ഥരാണ്. നിബന്ധനകൾ ലംഘിക്കുന്ന പക്ഷം മത്സരാർത്ഥികളെ അയോഗ്യരാക്കുന്നതായിരിക്കും.

1. **യോഗ്യത**

തണ്ണീർത്തട ഫോട്ടോഗ്രാഫി 2023 മത്സരത്തിൽ പ്രായഭേദമന്യേ എല്ലാ ഇൻഡ്യൻ പൗരൻമാർക്കും പങ്കെടുക്കാവുന്നതാണ്.

2. **വ്യവസ്ഥകൾ**

മത്സരവുമായി ബന്ധപ്പെട്ട വ്യവസ്ഥകളും നിബന്ധനകളും അറിഞ്ഞിരിക്കുവാനും പാലിക്കുവാനും മത്സരാർത്ഥികൾ ബാധ്യസ്ഥരാണ്. കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയെ പ്രതിനിധീകരിച്ചുകൊണ്ട് മെമ്പർ സെക്രട്ടറി എടുക്കുന്ന തീരുമാനങ്ങൾ അന്തിമവും അത് അംഗീകരിക്കുവാൻ ഓരോ മത്സരാർത്ഥിയും ബാധ്യസ്ഥരുമാണ്.

3. **സമയ പരിധി**

തണ്ണീർത്തട ഫോട്ടോഗ്രാഫി 2023 മത്സരത്തിൽ പങ്കെടുക്കുന്നതിന് ഓൺലൈനായി ഫോട്ടോകൾ സമർപ്പിക്കേണ്ടതിന്റെ സമയപരിധി 19.01.2023 വൈകുന്നേരം 5 മണി വരെയാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ഫോട്ടോകൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.

4. **മത്സരത്തിൽ പങ്കെടുക്കുന്ന വിധം**

മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഉണ്ടായിരിക്കുന്നതല്ല. മത്സരത്തിനായുള്ള ഫോട്ടോകൾ ഓൺലൈനായി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ swak.awareness@gmail.com എന്ന ഇ മെയിലിലൂടെയാണ് സമർപ്പിക്കേണ്ടത്. മറ്റേതെങ്കിലും തരത്തിലുള്ള എൻട്രികൾ നിരസിക്കുന്നതാണ്. മത്സരാർത്ഥികൾ നിർദിഷ്ട രജിസ്ട്രേഷൻ ഫോം ശരിയായി പൂരിപ്പിക്കേണ്ടതാണ്. സമർപ്പിക്കുന്ന ഫോട്ടോഗ്രാഫുകൾ നിർദേശം 7 ൽ പറയുന്ന സാങ്കേതിക നിർദേശങ്ങൾക്കനുസൃതമായിരിക്കണം.

5. **മത്സരത്തിനുള്ള വിഷയം**

സംസ്ഥാനത്തെ തിരഞ്ഞെടുത്ത 40 തണ്ണീർത്തടങ്ങളുമായി (അനുബന്ധം.1) ബന്ധപ്പെട്ട സേവനങ്ങളുടെയോ ജൈവ വൈവിധ്യ സമ്പത്തിന്റെയോ, ജൈവ വിഭവങ്ങളുടെയോ ഫോട്ടോകളാണ് ഓൺലൈനായി സമർപ്പിക്കേണ്ടത്.

6. **സമർപ്പിക്കാവുന്ന ഫോട്ടോഗ്രാഫുകളുടെ എണ്ണം**

ഓരോ മത്സരാർത്ഥിക്കും പരമാവധി 5 ഫോട്ടോകൾ വരെ സമർപ്പിക്കാവുന്നതാണ്. സമർപ്പിക്കുന്ന ചിത്രങ്ങൾക്ക് ഇംഗ്ലീഷിലോ മലയാളത്തിലോ ലഘു വിവരണം/ അടിക്കുറിപ്പ് തയ്യാറാക്കി അപേക്ഷാ ഫോമിലെ നിർദിഷ്ട കോളത്തിൽ ക്രമം തെറ്റാതെ രേഖപ്പെടുത്തേണ്ടതാണ്.

7. **സമർപ്പിക്കാവുന്ന ഫോട്ടോഗ്രാഫുകളുടെ നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക മാനദണ്ഡങ്ങൾ.**

- ഫോട്ടോഗ്രാഫുകൾ JPEG ഫോർമാറ്റിൽ ആയിരിക്കണം സമർപ്പിക്കേണ്ടത്.
- Size : സമർപ്പിക്കുന്ന ഫോട്ടോകൾക്ക് 8 മെഗാബൈറ്റ്സ് അല്ലെങ്കിൽ അതിൽ താഴെ വലിപ്പം മാത്രമേ പാടുള്ളു.
- Resolution : നീളം കൂടിയ വശത്ത് കുറഞ്ഞത് 3000 പിക്സൽ ഉണ്ടായിരിക്കേണ്ടതാണ്.
- Geotagged ഫോട്ടോഗ്രാഫുകൾക്ക് മുൻഗണന നൽകുന്നതാണ്.

  അംഗീകൃതമായ തോതിൽ ഫോട്ടോകൾ മെച്ചപ്പെടുത്തുന്നത് (കളർ, കോൺട്രാസ്റ്റ് എന്നിവ മെച്ചപ്പെടുത്തുന്നത്, ഷാർപ്പനിംഗ്, ബ്രൈറ്റ്നസ്, ഡസ്റ്റ് റിമൂവൽ, ചെറിയ തോതിലുള്ള ക്രോപ്പിംഗ്) അനുവദനീയമെങ്കിലും യഥാർത്ഥ ഫോട്ടോയുടെ ഭാവത്തെ ബാധിക്കുന്ന രീതിയിലുള്ള വ്യതിയാനങ്ങൾ വരുത്തിയ ഫോട്ടോകൾ ഈ മത്സരത്തിന് യോഗ്യമല്ല.

8. **സമർപ്പിക്കാവുന്ന ഫോട്ടോകളുടെ സൂക്ഷ്മ പരിശോധന**

സമയ പരിധിക്കുള്ളിൽ (19.01.2023 വൈകുന്നേരം 5 മണി വരെ) ലഭിച്ച ഫോട്ടോകളുടെയും മത്സരാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന നിർദ്ദിഷ്ട രീതിയിലുള്ള അപേക്ഷകളുടെയും സൂക്ഷ്മ പരിശോധന 20.01.2023 ന് Directorate of Environment & Climate Change (DoECC) യുടെ Environment Programme Manager ടെ നേതൃത്വത്തിൽ നടത്തുന്നതായിരിക്കും. നിശ്ചിത സമയ പരിധിയായ 19.01.2023 വൈകുന്നേരം 5 മണിക്ക് ശേഷം ലഭിക്കുന്ന എൻട്രികൾ നിരസിക്കുന്നതാണ്.

9. **വിധി നിർണയവും ഫലപ്രഖ്യാപനവും**

ഫോട്ടോഗ്രാഫിയിൽ പ്രാഗത്ഭ്യവും പരിജ്ഞാനവുമുള്ള വിധികർത്താക്കളുടെ സമിതിയാകും ഫോട്ടോകളുടെ മൂല്യ നിർണയം നടത്തുക.വിധി നിർണയവുമായി ബന്ധപ്പെട്ട് യാതൊരുവിധ ബാഹ്യ ഇടപെടലുകളും അനുവദിക്കുന്നതല്ല. 25.01.2023 ബുധനാഴ്ചക്കുള്ളിൽ മത്സര വിജയികളെ ഇ-മെയിൽ/ ടെലഫോൺ മുഖാന്തരമോ മത്സര ഫലം അറിയിക്കുന്നതാണ്. വിജയികളുടെ വിവരങ്ങൾ Directorate of Environment & Climate Change (DoECC) യുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. സ്പാം/ജങ്ക്മെയിൽ/മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ അല്ലെങ്കിൽ തെറ്റായ അല്ലെങ്കിൽ പ്രവർത്തന രഹിതമായ വ്യക്തി വിവരങ്ങൾ നൽകുന്നത് വഴി വിജയികൾ മത്സര ഫലം യഥാസമയം അറിയാതിരിക്കുന്നതിന് കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി ഉത്തരവാദികളല്ല.

10. **മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ**

ഒന്നും രണ്ടും മൂന്നും സമ്മാനാർഹർക്ക് യഥാക്രമം 10,000/-, 5000/-, 2000/- (സർക്കാർ ഉത്തരവിന് വിധേയമായി) എന്നിങ്ങനെ ക്യാഷ്പ്രൈസും സർട്ടിഫിക്കറ്റും നൽകുന്നതാണ്.

ഇത് കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന 10 മത്സരാർത്ഥികൾക്ക് സമാശ്വാസ സമ്മാനമായി മെറിറ്റ് സർട്ടിഫിക്കറ്റും നൽകുന്നതാണ്. സമ്മാനത്തിന് പകരമായി പണമോ ഉപഹാരങ്ങളോ അനുവദിക്കുന്നതല്ല.

**11. മത്സരാർത്ഥികൾ അനുവദിക്കുന്ന അവകാശങ്ങൾ**

മത്സരത്തിൽ പങ്കെടുക്കുന്നതോടെ അപേക്ഷകന്റെ പേര്, സമർപ്പിച്ചിരിക്കുന്ന ഫോട്ടോകൾ ഇത് സംബന്ധിച്ച മറ്റ് വിവരങ്ങൾ തുടങ്ങിയവ ഇപ്പോഴുള്ളവയോ ഭാവിയിൽ നിലവിൽ വരാവുന്നതോ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പൂർണ അവകാശം മത്സരാർത്ഥി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്ക് അറിഞ്ഞ് അനുവദിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്നതോടെ സമർപ്പിച്ചിരിക്കുന്ന ഫോട്ടോ സ്വന്തം സൃഷ്ടിയാണെന്ന് മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശത്തിന്റെ യാതൊരു ലംഘനവും ഇത് വഴി നടത്തിയിട്ടില്ലന്നും ബോധ്യപ്പെടുത്തുന്നു. മറ്റൊരു വ്യക്തിയുടെ ബൗദ്ധിക സ്വത്തവകാശത്തിന്റെ ലംഘനത്തിന് മത്സരത്തിലേക്കയക്കുന്ന ഫോട്ടോയുടെ ഉള്ളടക്കം വഴിവയ്ക്കുന്നുവെങ്കിൽ മത്സരാർത്ഥി അത് സംബന്ധിച്ച തീർപ്പുകൾക്കായി സ്വന്തം നിലയിലും ചെലവിലും നടപടി സ്വീകരിക്കേണ്ടതും കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയെ ഇതു സംബന്ധിച്ച തർക്കങ്ങളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

**12. മറ്റ് വ്യവസ്ഥകളും നിബന്ധനകളും**

ഏത് ഘട്ടത്തിലും മത്സരം അവസാനിപ്പിക്കുന്നതിനും, ഉപേക്ഷിക്കുന്നതിനും, മാറ്റി വയ്ക്കുന്നതിനും ഭേദഗതി വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. മുൻ വർഷങ്ങളിൽ സമ്മാനാർഹമായതോ സമർപ്പിച്ചിട്ടുള്ളതോ ആയ ഫോട്ടോഗ്രാഫുകൾ തണ്ണീർത്തട ഫോട്ടോഗ്രാഫി മത്സരം 2023 ൽ സമർപ്പിക്കുവാൻ പാടുള്ളതല്ല. അപേക്ഷാ സമർപ്പണത്തിലോ, മത്സര രീതിയിലോ, നിബന്ധനകളിലോ അനാവശ്യ കൈകടത്തലുകൾ നടത്തുന്ന വ്യക്തികളെ അയോഗ്യരാക്കുവാനുള്ള പൂർണ്ണ അധികാരം കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

**13. തടസ്സവാദങ്ങൾ**

മത്സരം സംബന്ധിച്ച് കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

രജനി.എം
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
മെമ്പർ സെക്രട്ടറിക്ക് വേണ്ടി